# സി എം ആർ ടൈംസ്

## ചേന്ദമംഗല്ലൂർ എച്ച് എസ് എസ്

## ലിറ്റിൽ കൈറ്റ്സ്

സെപ്റ്റംബർ 2025

ചീഫ് എഡിറ്റർ : ഹാദി ഫാത്തിമ    എഡിറ്റർ : ഫാദിഹ ഒ    വേദ ലക്ഷ്മി ആർ ജെ    ഫാസ് അമീൻ    ആദിദേവ്

### കൗമാരക്കാരുടെ ഉത്സവം സൈഫോറിയ

ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ സ്കൂൾ കലോത്സവം സെപ്റ്റംബർ 24 , 25 ദിവസങ്ങളിൽ നടന്നു. ഹൈസ്കൂൾ ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങളാണ് രണ്ട് ദിവസം സാക്ഷ്യം വഹിച്ചത്. പ്രത്യേകം പരിഗണ അർഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ കൂട്ടുകാരുമൊത്ത് അരങ്ങേരിയ നാടകം "ഗോപാലന്റെ ഗൂഗിൾ പേ " ശ്രദ്ദേയമായ ഒരു കലാവിരുന്നായിരുന്നു.



അതിൽ വസന്ദവല്ലിയായി അഭിനയിച്ച ഫായിസിന്റെയും ഗോപാലനായി അഭിനയിച്ച ആർദ്രവിന്റെയും പ്രകടനം പ്രശംസനീയമാണ്. അതിൽ കലോത്സവം പ്രശസ്ത സിനിമ മിമിക്രി താരം ദേവരാജ് കോഴിക്കോട് ഉത്ഘാടനം നിർവ്വഹിച്ചു. അധ്യാപക വിദ്യാർത്ഥി ബന്ധത്തിന്റെ വിള്ളലുകളെ കുറിച്ച് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. വിദ്യാർത്ഥികൾ മയക്കുമരുന്നിനും മറ്റു രീതിയിലുള്ള വഴിവിട്ട പോക്കിനും പ്രധാന കാരണം അധ്യാപകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയതാണ് കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ യുദ്ധ ഭീകരതയിൽ ജീവൻ നഷ്ടപ്പെടുന്ന പിഞ്ചോമനകളുടെ സ്മരണയിൽ സമാധാന സന്ദേശം ഉയർത്തിപ്പിടിച്ച് വിദ്യാർത്ഥി പ്രതിനിധികൾ വെള്ളരി പ്രാവുകളെ ആകാശത്തേക്ക് പറത്തി. മനേജർ സുബൈർ കൊടപ്പന ഉദ്ഘാടനം ചെയ്തു സ്കൂൾ പ്രിൻസിപ്പൽ ഇ അബുദു റഷീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു ചുണ്ടിൽ വിദ്യാരംഗം കലാ സാഹിത്യ ദേവിയു ടെ ഡിജിറ്റൽ മാഗസിൻ ഹൃദയം തൊട്ട അക്ഷരങ്ങൾ പിടിഎ പ്രസിഡണ്ട് അഡ്വ ഉമർ പുതിയോട്ടിൽ റിലീസ് ചെയ്തു. പ്രഥമ ഹെഡ്മാസ്റ്ററുടെ പേരിലുള്ള "മാഞ്ഞു മാസ്റ്റർ പുരസ്കാരം" ഹാനി നിസാറിന് ഹെഡ്മാസ്റ്റർ യു പി മുഹമ്മദലി സാറും ബെസ്റ്റ് ഔട്ട് ഗോയിങ് സ്റ്റുഡന്റിനുള്ള ഉപഹാരം ഹൻഫ ബന്നക്ക് സുബൈർ കൊടപ്പനയും നൽകി. കലോൽത്സവ കൺവീനർ മുനവ്വർ പി സ്വാഗതവും എൻ കെ സലീം നന്ദിയും അറിയിച്ചു.

### സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനം

ചേന്ദമംഗല്ലൂർ ഹയർ സെക്കണ്ടറി സ്കൂൾ സോഫ്റ്റ് വെയർ സ്വാതന്ത്ര്യ ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഉബുണ്ടു സോഫ്റ്റ് വെയർ ഇന്റാളേഷൻ ഫെസ്റ്റ് , സോഫ്റ്റ് വെയർ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം അഡിനോ ക്വിറ്റ് പരിചയപ്പെടുന്ന റോബോട്ടിക് ഐറ്റം തയ്യാറാക്കൽ അതിൽ ട്രാഫിക് സിഗ്നൽ, ഡാൻസിംഗ് എൽ ഇ ഡി , റോബോ ഹെൻ , ഇലക്ട്രോണിക് ഡൈസ് അതിലുപരി റോബോട്ട് മേളയായിരുന്നു ആകർഷണീയമായത്. റോബോട്ടിക് ഓൺ ദ സ്പോട്ട് മത്സരവും ഉണ്ടായിരുന്നു. തടസ്സങ്ങളെ തിരിച്ചറിയുന്ന ഓട്ടോമാറ്റിക് കാർ ബ്രയിൽ കോൺസൺ റേഷൻ ഗെയിം വാട്ടർ ഡിസ്പെൻസർ അർജ്ജുൻ തയ്യാറാക്കിയി വിമാനം തുടങ്ങിയവ കുട്ടികളിൽ കൗതുകം ഉളവാക്കി



### ലിറ്റിൽ കൈറ്റ് ഫീൽഡ് വിസിറ്റ്

ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ലിറ്റിൽ കൈറ്റ് ബാച്ച് 2024-27 ഫീൽഡ് വിസിറ്റ് കാലിക്കറ്റ് എൻ ഐ ടി ക്യാമ്പസ് 17/8/25 വിസിറ്റു ചെയ്തു. റോബോട്ടിക് മെക്കാനിക്കൽ ലാബുകളിലാണ് വിസിറ്റു ചെയ്തത്. മെഷീനുകളുടെ സ്പെയർ പാഡ്സ് നിർമ്മിക്കുന്ന മെക്കാനിക്കൽ ലാബ് കുട്ടികൾ കൗതുകത്തോടെ നോക്കി കണ്ടു. റോബോട്ടിക് ലാബിൽ വിവിധ ഡ്രോൺ പരിചയപ്പെടാനും അതിന്റെ പ്രവർത്തനം ഭാഗങ്ങൾ വിശദീകരിച്ചു നൽകി. അതിൽ ഏറ്റവും ശ്രദ്ധേയമായത് ഫോർ പെഡൽ റോബോട്ടായിരുന്നു. വിദ്യാർത്ഥികൾ വളരെയധികം കൗതുകം നിരഞ്ഞരായിരുന്നു ഈ വിസിറ്റ്.



### സെപ്റ്റംബർ മാസത്തിലൂടെ...............

**സെപ്റ്റംബർ 5**
ദേശീയ അധ്യാപക ദിനം,നബിദിനം ,ഓണം

**സെപ്റ്റംബർ 9**
ചിറക് ക്ലബിന്റെ നേതൃത്വത്തിൽ കൃഷി ചെയ്ത ചെണ്ടുമല്ലി കൃഷി മുക്കം കൃഷിഭവനിലെ കൃഷി ഓഫീസർ സന്ദർശിച്ചു

**സെപ്റ്റംബർ 13**
ലിറ്റിൽ കൈറ്റ് പ്രിലിമിനറി ക്യാമ്പും രക്ഷിതാക്കൾക്കുള്ള ക്ലാസും കൈറ്റ് ട്രൈനർ ജവാദ് പരപ്പിൽ നൽകി

**സെപ്റ്റംബർ 16**
ദേശാഭിമാനി അക്ഷരമുറ്റം സ്കൂൾതല ക്വിസ്

**സെപ്റ്റംബർ 17**
ലിറ്റിൽ കൈറ്റ് ബാച്ച് 2024-27 അംഗങ്ങൾ കാലിക്കറ്റ് NIT യിൽ ഫീൽഡ് വിസിറ്റ് നടത്തി

**സെപ്റ്റംബർ 18, 19**
അക്കാര 25 സ്പോട്സ് മീറ്റ്
മുക്കം സബ് ജില്ല റസലിംഗ് ചാമ്പൻഷിപ്പ് ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ന്
മുക്കം സബ്ജില്ല ബോക്സിംഗ് ജേതാക്കൾ ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ടീം

**സെപ്റ്റംബർ 20**
സോഫ്റ്റ് വെയർ ഫ്രീഡം ഡേ റോബോട്ടിക് മേള നടന്നു

**സെപ്റ്റംബർ 23**
മുക്കം ഉപജില്ല ഐ ടി മേള ഐ ടി ക്വിസ് ഫസ്റ്റ് ജസിം ഫാത്തിഹിന്
സ്കൂൾ തല സാമൂഹ്യ ശാസ്ത്ര ക്വിസ് നടത്തി

**സെപ്റ്റംബർ 24, 25**
കേരള സ്കൂൾ ശാസ്ത്രോത്സവം മുക്കം സബ് ജില്ല ശാസ്ത്രക്വിസ് രണ്ടാം സ്ഥാനം നേടി
സ്കൂൾ കലോത്സവം സൈഫോറിയ 2025 നടന്നു

**സെപ്റ്റംബർ 27**
മുക്കം സബ്ജില്ല ജൂനിയർ ഗേൾസ് & ജൂനിയർ ബോയ്സ് ബോൾ ബാഡ്മിന്റൺ, സിനിയർ ബോയ്സ് ബോൾ ബാഡ്മിന്റൺ ജേതാക്കൾ ചേന്ദമംഗല്ലൂർ എച്ച് എസ് എസ്

### ചേന്ദമംഗല്ലൂരിലിത് പൂക്കാലം

ചേന്ദമംഗലൂരിൽ ഇത് വസന്തകാലം. വിരിഞ്ഞു നിൽക്കുന്ന ചെണ്ടുമല്ലി പൂക്കളുടെ തോട്ടം മനോഹരമായ കാഴ്ചയാണ്.
ചേന്ദമംഗലൂർ ഹയർ സെക്കൻഡറി സ്കൂളിലെ ഭിന്നശേഷി കുട്ടികളുടെ ക്ലബ്ബായ "ചിറക്" (ചേന്ദമംഗല്ലൂർ ഹൈസ്കൂൾ ഇൻസ്പിറേഷൻ റെമെഡീയൽ ആക്ടിവിറ്റി ക്ലബ്ബ് ) നേതൃത്വത്തിൽ ഒരുക്കിയ ചെണ്ടുമല്ലി തോട്ടമാണ് വിവിധ വർണങ്ങളിൽ വിരിഞ്ഞ് നിൽക്കുന്നത്.ഭിന്നശേഷി കുട്ടികൾ പൂച്ചട്ടിയിലും ഗ്രോ ബാഗിലുമായി മണ്ണ് നിറച്ച് മുക്കം കൃഷിഭവനിൽ നിന്ന് ലഭിച്ച ചെണ്ടുമല്ലി തൈകൾ കൃഷി ചെയ്തപ്പോൾ വളരെ വലിപ്പത്തിലും ഭംഗിയിലുമവ വിരിഞ്ഞുനിൽക്കുന്നു.ചിറക് ക്ലബ്ബ് അംഗങ്ങളുടെ രക്ഷിതാക്കളുടെ സഹകരണത്തോടെ കഴിഞ്ഞ വർഷം സ്കൂളിൽ ഭക്ഷ്യമേളയും സംഘടിപ്പിച്ചിരുന്നു. സ്കൂളിലെ സ്പെഷ്യൽ ടീച്ചറായ കെ .അമ്പിളിയുടെ നേതൃത്വത്തിൽ ചിറക് ക്ലബ്ബിലെ അംഗങ്ങളും സുഹൃത്തുക്കളുമാണ് പൂന്തോട്ടം ഒരുക്കാൻ മുന്നോട്ടുവന്നത്. നിറയെ പൂമ്പാറ്റകളും വർണ്ണങ്ങളും നിറഞ്ഞാടുന്ന ആരാമം കാണേണ്ട കാഴ്ച തന്നെയാണ്.




### പ്രിലിമിനറി ക്യാമ്പ്

ലിറ്റിൽ കൈറ്റ് 2025-28 ബാച്ച് പ്രിലിമിനറി ക്യാമ്പ് സെപ്റ്റബർ 15 ന് കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു. കൈറ്റ് മാസ്റ്റർ ട്രൈനർ ജവാദ് അലി പരപ്പിൽ ക്ലാസിന് നേതൃത്വം നൽകി. ഹൈടക് ക്ലാസ് മുറികളുടെ പ്രാധാന്യം അനിമേഷൻ പ്രോഗ്രാമിംഗ് റോബോട്ടിക് മേഖലകളിലായാണ് പരിശീലനം നൽകിയത് ക്യാമ്പിൽ 39 വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്കുള്ള ഐഡി കാർഡ് ജവാദ് സർ ലീഡറിനും ഡെപ്യൂട്ടി ലീഡറിനും നൽകി ഉത്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾക്ക് എന്റെ ഗ്രാമം പരിചയപ്പെടുത്തി വീഡിയോ തയ്യാറാക്കുന്നതിൽ വിവിധ സ്ഥാനങ്ങൾ ലഭിച്ചവർക്കും ഡിജിറ്റൽ പൂക്കള മത്സരത്തിലെ വിജയികൾക്കും ക്യാമ്പിൽ വെച്ച് സമ്മാനം വിതരണം ചെയ്തു. കൈറ്റ് മെന്റർമാരായ ഇസ്മയിൽ റാജി റംസാൻ ഹാജറ എ എം എന്നിവർ ക്യാമ്പിന്റെ നടത്തിപ്പ് നിർവ്വഹിച്ചു.



### സൈഫോറിയയിലും അക്കാരയിലും താരങ്ങളായി ലിറ്റിൽ കൈറ്റ്

സ്പോട്സിലെയും കലോത്സവ വേദിയിലും നടക്കുന്ന ഓരോ മത്സരത്തിന്റെ പോയന്റ് നില സ്കോർ ബോർഡിൽ കൃത്യമായി രേഖപ്പെടുത്തി മത്സരാന്തരീക്ഷം സൃഷ്ടിക്കാൻ ലിറ്റിൽ കൈറ്റ് അംഗങ്ങൾ സജീവമായിരുന്നു. ഓരോ വേദിയിയും നടക്കുന്ന കലാവിരുന്നുകൾ ഫോട്ടോയെടുത്തും വീഡിയോ പകർത്തിയും ലിറ്റിൽ കൈറ്റ് അംഗങ്ങൾ ശ്രദ്ധേയമായി.



## അക്കാര 25

ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ സ്പോർട്സ് മീറ്റ് അരക്കാര 25 സെപ്റ്റംബർ 18, 19 തീയ്യതികളിൽ സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടന്നു സ്പോട് മീറ്റ് ഉത്ഘാടനം മുക്കം പോലീസ് സ്റ്റേഷൻ സി ഐ ആനന്ദ് കെ പി നിർവ്വഹിച്ചു. ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ അബ്ദുറഷീദ് സർ അധ്യക്ഷത വഹിച്ചു. പി ടി എ പ്രസിഡന്റ് ഉമർ പുതിയോട്ട് ഹെഡ്മാസ്റ്റർ യു.പി മുഹമ്മദലി സർ ചടങ്ങിൽ പങ്കെടുത്തു. ശക്തമായ മത്സരമായിരുന്നു ഗ്രൗണ്ടിൽ നടന്നത്. ഏറ്റവും വേഗതയേറിയ താരങ്ങൾക്കും ഉയരങ്ങൾ ചാടുന്ന ചാട്ടക്കാർക്കും ദൂരങ്ങൾ എറിയുന്നവർക്ക് ഓൺ ദസ്പോട്ട് പ്രോൽസാഹന സമ്മാനവുമായി പതിവുപോലെ ബന്ന സാർ ഗ്രൗണ്ടിൽ സജീവമായി. ഓരോ ഇവന്റും കൃത്യമായും സമയബന്ധിതമായും നടത്താൻ ഓരോ അധ്യാപകരും പരിശ്രമിച്ചു. പരുക്കു പറ്റിയവരെ ചികിത്സിക്കാനും പവലിയനിൽ സമ്മാന വിതരണത്തിനും ജെ ആ സി വിദ്യാർത്ഥികളും നീളം അളക്കാൻ എൻസിസി സ്കൗട്ട് ഗൈഡ് കാഡറ്റുകളും സ്കോർബോർഡിൽ ലിറ്റിൽ കൈറ്റ് അംഗങ്ങളും സജീവമായി ഉണ്ടായിരുന്നു. ഓരോ ഇവന്റ് കഴിയുന്തോറും സർട്ടിഫിക്കറ്റ് വിതരണം സ്പോർട്സിന്റെ മാറ്റ് കൂട്ടി.



## സെപ്റ്റംബർ മാസത്തിലൂടെ......................




## ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ഫോട്ടോ ഗാലറി



സ്കൂൾ കലോത്സവം സൈഫോറിയ 2025



അക്കാരാ സ്പോട്സ് മീറ്റ്



ലിറ്റിൽകൈറ്റ് ഫീൽഡ് വിസിറ്റ് @NIT Calicut



സോഫ്റ്റ് വെയർ സ്വാതന്ത്ര്യ ദിനം റോബോട്ടിക് ഫെസ്റ്റ്



ഡിജിറ്റൽ പൂക്കളം



ലിറ്റിൽ കൈറ്റ് പ്രിലിമിനറി ക്യാമ്പ് & രക്ഷിതാക്കൾക്കുള്ള ക്ലാസും